**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5651** **03-11-2021 - ൽ മറുപടിയ്ക്ക്**

**വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി സംബന്ധമായ കേസുകളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ എക്സൈസ് സേനയുടെ സംഖ്യാബലം കൂട്ടുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; | (എ) | എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സജ്ജീകരിക്കുന്ന സംവിധാനങ്ങളുടെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവും പരിശോധിച്ചു വരുന്നു. |
| (ബി) | സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ എത്ര ശതമാനമാണ് വനിതകൾക്കായി നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ 10 ശതമാനം വനിതാ സിവിൽ എക്സൈസ് ഓഫീസർ നിയമനത്തിനായി നീക്കി വച്ചിരിക്കുന്നു. |
| (സി) | എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിലെ അനുവദിക്കപ്പെട്ട അംഗബലം എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | എക്സൈസ് വകുപ്പിൽ 2744 സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകളും 562 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകളും നിലവിലുണ്ട്. |
| (ഡി) | വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട F1/153/2021/TD നമ്പർ ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ അംഗബലം വർധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപോസൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ